പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1098 — 30.11.2018 ന് മറുപടിയ്ക്ക്.

**ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടനിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് വിട്ട് നൽകിയ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; | (എ) ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) ഐ.ടി.ഐ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തി നൽകണമെന്ന വ്യവസ്ഥയിലാണ് പുതുതായി ഐ.ടി.ഐകൾ ആരംഭിക്കുന്നത്. ആയതു പ്രകാരം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് വ്യാവസായിക പരിശീലന വകുപ്പിന് സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) സ്ഥലം വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ